(സി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ഡി) സംസ്ഥാനത്തെ സർക്കിൾ സഹകരണ യൂണിയനുകളിൽ ഒന്നിലും തെരഞ്ഞെടുക്കപ്പെട്ട ഭരണസമിതി നിലവിലില്ല.

സഹകരണ വകുപ്പിന്റെ നിയന്ത്രണത്തിലുള്ള വിദ്യാഭ്യാസ സ്ഥാപനങ്ങൾ

143 [1282] ശ്രീ. കെ. മോഹൻകുമാർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും തുറമുഖവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന സഹകരണ വകുപ്പിന്റെ നിയന്ത്രണത്തിൽ എത്ര മെഡിക്കൽ എഞ്ചിനീയറിംഗ് വിദ്യാഭ്യാസ സ്ഥാപനങ്ങൾ പ്രവർത്തിച്ചുവരുന്നു;

(ബി) ഈ സ്ഥാപനങ്ങളിൽ എത്ര വിദ്യാർത്ഥികളും അദ്ധ്യാപകരുമുണ്ടെന്ന് അറിയിക്കുമോ;

(സി) മെഡിക്കൽ എഞ്ചിനീയറിംഗ് വിദ്യാഭ്യാസ മേഖലയിലെ ദേശീയ മാനദണ്ഡങ്ങൾ ഈ സ്ഥാപനങ്ങൾ പാലിക്കുന്നുണ്ടോ;

(ഡി) സഹകരണ വിദ്യാഭ്യാസ സ്ഥാപനങ്ങളിലെ ഏതെങ്കിലും ബിരുദങ്ങൾക്ക് അംഗീകാരമില്ലാതാകുന്ന സാഹചര്യം ഉണ്ടായിട്ടുണ്ടോ;

(ഇ) ഉണ്ടെങ്കിൽ പരിഹരിക്കാനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ടോ?

ഉത്തരം

(എ) സഹകരണ വകുപ്പിന്റെ നിയന്ത്രണത്തിൽ ഒരു മെഡിക്കൽ കോളേജ് (പരിയാരം) പ്രവർത്തിച്ചുവരുന്നു. കൂടാതെ തിരുവിതാംകൂർ, കൊച്ചി സാഹിത്യ ശാസ്ത്രീയ ധർമ്മ സംഘങ്ങൾ, രജിസ്ട്രാർ ആക്ട് 1955 പ്രകാരം രജിസ്റ്റർ ചെയ്ത് പ്രവർത്തിച്ചുവരുന്ന കോ-ഓപ്പറേറ്റീവ് അക്കാഡമി ഓഫ് പ്രൊഫഷണൽ എഡ്യൂക്കേഷൻ എന്ന സ്ഥാപനത്തിൻകീഴിൽ കൊച്ചി മെഡിക്കൽ കോളേജും അഞ്ച് എഞ്ചിനീയറിംഗ് കോളേജുകളും പ്രവർത്തിച്ചുവരുന്നു.

(ബി) വിശദവിവരം ചുവടെ ചേർക്കുന്നു:

		വിദ്യാർത്ഥികൾ	അദ്ധ്യാപകർ
1.	പരിയാരം മെഡിക്കൽ കോളേജ്	500	187
2.	കൊച്ചി മെഡിക്കൽ കോളേജ്	149	142
3.	പെരുമൺ എഞ്ചിനീയറിംഗ് കോളേജ്	869	30
4.	കിടങ്ങൂർ എഞ്ചിനീയറിംഗ് കോളേജ്	618	35
5.	വടകര എഞ്ചിനീയറിംഗ് കോളേജ്	715	34
6.	തലശ്ശേരി എഞ്ചിനീയറിംഗ് കോളേജ്	594	36
7.	തൃക്കരിപ്പൂർ എഞ്ചിനീയറിംഗ് കോളേജ്	439	26

(സി) ഉണ്ട്.

(ഡി) ഇല്ല.

(ഇ) ഉത്തരം ഡി-യുടെ അടിസ്ഥാനത്തിൽ ബാധകമല്ല.

LIBRARY ARCHIVES Kerala Legislative Assembly